## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 311** **28.05.2019-ൽ മറുപടിക്ക്**

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ സംവിധാനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിച്ച് പ്രവർത്തനം നടത്തുന്നതിനായി നിലവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രോമാകെയർ യൂണിറ്റിനായി 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് മൾട്ടി പാരാ മോണിറ്റർ, ഫ്യൂമിഗേഷൻ ഡിസ്പെൻസർ, സയാനെർവി സർജിക്കൽസ്, സി.ആം., ഇ.സി.ജി.മെഷീൻ, സിറിഞ്ച് പമ്പ്, ക്രാഷ് കാർട്ട് ട്രോളി, പൾസ് ഓക്സി മീറ്റർ, ഡിഫിബ്രിലേറ്റർ വിത്ത് മോണിറ്റർ, പവർ ഡ്രില്ലർ, ഇലക്ട്രോണിക് ടോർണി കിറ്റ്, പ്ലാസ്റ്റർ കട്ടർ (ഫാന്റ് കാസ്റ്റ്സോ), അനസ്തേഷ്യ മെഷീൻ, ഫ്ലാഷ് ആട്ടോ ക്ലേവ്, ട്രോമ എമർജൻസി കോട്ട്, പെരിഫറൽ നെർവ് സ്റ്റിമുലേറ്റർ, ലെഡ് ഏപ്രൺ, ആട്ടോ ക്ലേവ്, ഒ.റ്റി.ടേബിൾ, അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ എന്നീ മെഡിക്കൽ ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | ട്രോമാകെയർ സംവിധാനം പ്രാവർത്തികമാക്കാൻ ഇനി എന്തെല്ലാം സജ്ജീകരണങ്ങൾ ആവശ്യമുണ്ടെന്നും ആയത് പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളും വിശദമാക്കുമോ; | (ബി) & (സി) | ട്രോമാ കെയർ യൂണിറ്റിലെ ഓപ്പറേഷൻ തിയറ്റർ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ഒ.റ്റി.ലൈറ്റും, സെൻട്രലൈസ്ഡ് ഓക്സിജൻ സക്ഷൻ എന്നിവ ലഭിക്കുന്നതിനായി കെ.എം.എസ്.സി.എൽ. വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റിലേയ്ക്ക് സി.റ്റി.സ്കാൻ, ഡിജിറ്റൽ എക്സ്റേ എന്നിവ അനുവദിച്ചിട്ടുണ്ട്. യൂണിറ്റിന്റെ രണ്ടാം നിലയിലായി 9 യൂണിറ്റുകളുള്ള ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഒ.റ്റി.ലൈറ്റും, സെൻട്രലൈസ്ഡ് ഓക്സിജൻ സക്ഷൻ എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് ട്രോമാകെയർ സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | ട്രോമാകെയർ സംവിധാനം എന്നുമുതൽ പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**